(ബി) കേരളത്തിലെ മുഴുവൻ സർക്കാർ സേവനങ്ങൾക്കും ഫീസ് ഒടുക്കുവാൻ സാധ്യമാകുന്ന തരത്തിൽ ഒരൊറ്റ ഓൺലൈൻ പോർട്ടൽ എന്ന നിലയിൽ ഇ-ട്രഷറി സംവിധാനത്തെ മാറ്റാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

കേരള സർക്കാരിലേയ്ക്കുള്ള എല്ലാ റവന്യൂ വരുമാനങ്ങളും സ്വീകരിക്കുന്നതിനുള്ള സൗകര്യം നിലവിൽ ഇ-ട്രഷറിയിൽ ഉണ്ട്. മറ്റ് വകുപ്പുകളുടെ ഓൺലൈൻ സൈറ്റുകളുമായി ഇന്റഗ്രേറ്റ് ചെയ്യുന്നതിനുള്ള സൗകര്യവും ഇ-ട്രഷറിയിൽ ഉണ്ട്. കൂടാതെ, ആധുനികമായ എല്ലാ പണമിടപാട് സൗകര്യങ്ങളും ഇ-ട്രഷറിയിൽ ലഭ്യമാണ്. ഇക്കാരണങ്ങളാൽ കേരള സർക്കാരിന്റെ എല്ലാ സേവനങ്ങൾക്കും ഫീസ് ഒടുക്കുവാൻ സാധ്യമാകുന്ന തരത്തിൽ ഒരൊറ്റ സംവിധാനമായി ഇ-ട്രഷറിക്ക് പ്രവർത്തികാനാകുന്നതാണ്.

ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം

88(357) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ സബ്ട്രഷറിക്കായുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 30- ൽ റീസർവ്വേ നമ്പർ 158/2-ൽപ്പെട്ട 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ളതും അവിടെ ട്രഷറിക്ക് എല്ലാവിധ സൗകര്യങ്ങളോടും കൂടിയ കെട്ടിടം നിർമിക്കുന്നതിന് 12-7-2018-ലെ സ.ഉ(സാധാ) നമ്പർ 5944/2018/ധന. ഉത്തരവ് പ്രകാരം 3,20,64,625 രൂപയുടെ ഭരണാനുമതിയും 31-1-2019-ലെ സ.ഉ.(സാധാ) നമ്പർ 757/2019/2019/ധന. ഉത്തരവ് പ്രകാരം 2,42,80,000 രൂപയുടെ സാങ്കേതികാനുമതിയും നല്കിയിട്ടുള്ളതും നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് മുഖേന പ്രസ്തുത കോൺട്രാക്ടർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയുമാണ്. കെട്ടിടത്തിന്റെ structural വർക്കുകൾ പൂർത്തിയാക്കിയിട്ടുണ്ട്. ചുറ്റുമതിൽ 2 വശം പൂർത്തീകരിച്ചു. പെയിന്റിംഗ് പുട്ടി വർക്ക് 80 % പൂർത്തീകരിച്ചു.

(ബി) കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഇലക്ട്രിക്കൽ, ഇലക്ട്രോണിക്, പ്ലംബിംഗ് സാനിറ്ററി വർക്കുകളും ഫർണിഷിംഗ് വർക്കുകളും അവശേഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇപ്പോഴത്തെ നിലയിൽ ചാത്തന്നൂർ സബ്ട്രഷറി കെട്ടിടനിർമ്മാണം എന്ന് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

2021 സെപ്റ്റംബർ 30-ന് കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുള്ളത്.

ചെറുപുഴ സബ് ട്രഷറിയ്ക്കായുള്ള പുതിയ കെട്ടിട നിർമ്മാണം

89(358) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ?

ചെറുപുഴ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തളിപ്പറമ്പ് താലൂക്കിൽ വയക്കര വില്ലേജിൽ റീ സർവ്വേ നമ്പർ 59 / 1-ൽ പ്പെട്ട 5 സെന്റ് സ്ഥലം സ്വകാര്യ വ്യക്തിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. അവിടെ ട്രഷറിക്കാവശ്യമായ എല്ലാ സൗകര്യങ്ങളോടുംകൂടിയ ഒരു കെട്ടിടം നിർമ്മിക്കുന്നതിന് ട്രഷറി വകുപ്പിന് അനുവദിച്ചിരുന്ന നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. എന്നാൽ ട്രഷറി കെട്ടിടത്തിന്റെ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്ന വേളയിൽ പ്രസ്തുത സ്ഥലത്തു ചെറുപുഴ പഞ്ചായത്ത് കയ്യേറി കെട്ടിടം നിർമ്മിച്ചതായി ബോദ്ധ്യപ്പെടുകയും ആയത് പഞ്ചായത്ത് ഭരണ സമിതിയെ അറിയിക്കുകയും ചെയ്തുകയുണ്ടായി. ഇതേ തുടർന്ന് പ്രസ്തുത സ്ഥലത്തോട് ചേർന്ന് കയ്യേറ്റം നടന്ന ഭൂമിക്ക് തുല്യമായി സ്വകാര്യ വ്യക്തിയുടെ ഭൂമി വാങ്ങി ട്രഷറിക്ക് നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിരുന്നു. സബ് ഡിവിഷൻ ചെയ്തിട്ടില്ലാത്ത ഭൂമിയായതിനാൽ സാങ്കേതിക പ്രശ്നങ്ങൾ ഉണ്ടാവില്ലെന്ന് സർവ്വേ വകുപ്പിൽനിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ സർവ്വേയർക്ക് നടപടികൾ ഇനിയും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. കയ്യേറിയ സ്ഥലത്തിന് പകരം സ്ഥലം പഞ്ചായത്തിൽനിന്നും അളന്നുതിരിച്ചു വില്ലേജോഫീസിൽനിന്നുള്ള ലൊക്കേഷൻ സ്കെച്ച് സഹിതം ലഭ്യമാക്കുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിമുഖേന ട്രഷറി വകുപ്പ് ഡീറ്റെയിൽഡ് പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി ലഭ്യമാക്കുമ്പോൾ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

വടകര സബ് ട്രഷറി

90(359) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ ഏക ട്രഷറിയായ വടകര സബ് ട്രഷറി, പഴയ കെട്ടിടത്തിൽനിന്നും പുതിയ കെട്ടിടത്തിന്റെ രണ്ടാം നിലയിലേക്ക്

LIBRARY ARCHIVES Kerala Legislative Assembly